ലോഗോസ് ക്വിസ് മത്സരത്തിൽ ബി വിഭാഗത്തിൽ കോതമംഗലം രൂപതയിലെ കോലടി ഇടവകയിൽനിന്നും ഡിന്റ ബേബി ഒന്നാം സ്ഥാനം നേടി. വാഴക്കുളം സെന്റ് ലിറ്റിൽ തെരേസാസ് സ്കൂളിൽ 9-ാം വർഷം വിദ്യാർത്ഥിനിയായ ഡിന്റ തന്റെ പഠനത്തിലും മറ്റ് കലാമേഖലകളിലും ഒരേപോലെ മികവു തെളിയിച്ചിട്ടുണ്ട്. പഠനപ്രവർത്തനങ്ങളോടൊപ്പംതന്നെ ആധ്യാത്മികകാര്യങ്ങൾക്കും പ്രാധാന്യം നല്കുന്ന ഡിന്റ, കാവാട്ട് ബേബിയുടെയും മേരിയുടെയും മകളാണ്. പ്രസംഗം, ലളിതഗാനം, പദ്യപാരായണം, കഥാപ്രസംഗം എന്നിങ്ങനെ ഈ യുവപ്രതിഭ കഴിവു തെളിയിച്ച മേഖലകൾ പലതാണ്. മാതാപിതാക്കളും കുട്ടികളും മാത്സര്യബുദ്ധിയോടെ പഠനത്തെയും ഭാവിയെയും കാണുമ്പോഴും ദൈവികകാര്യങ്ങൾക്കും പ്രാർത്ഥനയ്ക്കും ജീവിതത്തിൽ പ്രാധാന്യം നല്കുന്ന ഡിന്റയും കുടുംബവും മറ്റു കുട്ടികൾക്കും കുടുംബങ്ങൾക്കും മാതൃക കൂടിയാണ്. ദൈവത്തിന്റെ രാജ്യവും അവിടത്തെ നീതിയും ആദ്യം അന്വേഷിക്കുന്നവർക്ക് എല്ലാം കൂട്ടിച്ചേർക്കപ്പെടുകതന്നെ ചെയ്യുമല്ലോ.